പതിനാലാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.4329 13.12.2018 -ൽ മറുപടിയ്ക്ക്

## ബേക്കൽ സൗത്ത് ബീച്ച് പാർക്കിന്റെ നവീകരണം

| ചോദ്യം<br>ശ്രീ.കെ.കുഞ്ഞിരാമൻ : | | മറുപടി<br>ശ്രീ. കടകംപള്ളി സുരേന്ദ്രൻ, സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി | |
|---|---|---|---|
| എ) | ബി.ആർ.ഡി.സി (ബേക്കൽ റിസോർട്ട് ഡെവലപ്മെന്റ് കോർപ്പറേഷൻ) ബേക്കൽ സൗത്ത് ബീച്ച് പാർക്കിന്റെ നവീകരണ പ്രവൃത്തിക്ക് എത്ര തുകയാണ് അനുവദിച്ചിട്ടുള്ളത്; വിശദാംശങ്ങൾ അറിയിക്കാമോ; | എ) | ബേക്കൽ സൗത്ത് ബീച്ച് പാർക്കിന്റെ നിർമ്മാണത്തിനായി ടൂറിസം വകുപ്പ് രണ്ട് ഘട്ടത്തിലായി 193 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട് |
| ബി) | പ്രസ്തുത പാർക്കിനുവേണ്ടി നാളിതു വരെ എത്ര തുക ചെലവാക്കിയിട്ടുണ്ടെന്ന് വിശദമാക്കാമോ; | ബി) | ഒന്നാം ഘട്ട നവീകരണം പൂർത്തിയാക്കുന്നതിനു 132,79,287 രൂപയും രണ്ടാം ഘട്ടത്തിൽ ഇതുവരെ 65 ലക്ഷം രൂപയും ചെലവാക്കി. അന്തിമ ബിൽ കിറ്റ്കോ തയ്യാറാക്കി വരുന്നു. |
| സി) | 2017 നവംബറിൽ ടൂറിസം സെക്രട്ടറിയുടെ സാന്നിദ്ധ്യത്തിൽ കാസർകോട് ജില്ലാ കളക്ടറുടെ ചേംബറിൽ ബി.ആർ.ഡി.സി യുടെ പ്രവർത്തനവുമായി ബന്ധപ്പെട്ട് ചേർന്ന യോഗതീരുമാനപ്രകാരം ഈ പാർക്കിന്റെ നവീകരണ പ്രവൃത്തി എന്ന് പൂർത്തിയാക്കുമെന്നാണ് അറിയിച്ചിട്ടുള്ളത്;<br>വിശദാംശങ്ങൾ അറിയിക്കാമോ; | സി) | ബേക്കൽ സൗത്ത് ബീച്ച് പാർക്കിന്റെ നവീകരണപ്രവൃത്തികൾ മാർച്ച് 2018 ഓടെ പൂർത്തിയാക്കുമെന്നായിരുന്നു തീരുമാനം . |

(..2)

| | | | |
|---|---|---|---|
| (ഡി) | ഈ തീരുമാനം പാലിക്കപ്പെടാൻ ബി.ആർ.ഡി.സി ക്ക് സാധിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വിശദമാക്കാമോ? | ഡി) | നവീകരണപ്രവർത്തികൾ കിറ്റ്കോ മുഖേന ഏതാണ്ട് പൂർത്തീകരിച്ചിട്ടുണ്ട്. നിർമ്മാണ വസ്തുക്കളുടെ ലഭ്യതക്കുറവും ചില സാമഗ്രികൾ എത്തിച്ചേരാൻ വേണ്ടി വന്ന അധിക കാലയളവും പ്രതികൂല കാലാവസ്ഥയും പൂർത്തീകരണത്തെ ബാധിച്ചിരുന്നു. അതേസമയം പാർക്കിലേക്കുള്ള പ്രവേശനത്തിന് പ്രത്യേക വഴി ഇല്ലാത്തതിനാൽ പൂർത്തിയായതിനു ശേഷമുള്ള നടത്തിപ്പ് സംബന്ധിച്ച് 24.10.2018 ന് ചീഫ് സെക്രട്ടറിയുടെ അധ്യക്ഷതയിൽ ചേർന്ന ഡയറക്ടർ ബോർഡ് യോഗതീരുമാന പ്രകാരം നടപടി സ്വീകരിച്ചു വരുകയാണ് . |

**സെക്ഷൻ ഓഫീസർ**